പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.435 29.10.2019-ലെ മറുപടിക്ക്

## വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ

ചോദ്യം

ശ്രീ.വി.ഡി.സതീശൻ

മറുപടി

ഡോ. ടി.എം. തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | വേയ്സ് ആന്റ് മീൻസ് നിയന്ത്രണങ്ങൾ ഈ സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ നടപ്പിലാക്കി വരുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ച് പോരുന്നുണ്ട്. ഇതിനു പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒന്നും നടപ്പ് സാമ്പത്തിക വർഷം ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | ഈ സാമ്പത്തിക വർഷം ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ എത്ര തുകയ്ക്കുള്ള ബില്ലുകളാണ് വേയ്സ് ആന്റ് മീൻസ് നിയന്ത്രണവുമായി ബന്ധപ്പെട്ട് തടഞ്ഞുവച്ചതെന്ന് മാസം തിരിച്ച് വ്യക്തമാക്കുമോ? | വേയ്സ് ആന്റ് മീൻസ് ക്യൂവിൽ പെൻഡിംഗ് ഉള്ള ബില്ലുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു. |

| കാലയളവ് | നിലവിൽ വേയ്സ് ആന്റ് മീൻസ് ക്ലിയറൻസ് അനുവദിക്കാത്ത ബില്ലുകളുടെ എണ്ണം | തുക (കോടിയിൽ) |
|---|---|---|
| 01/04/2019 മുതൽ 30/04/2019 വരെ | 5 | 2.02 |
| 01/05/2019 മുതൽ 31/05/2019 വരെ | 101 | 34.07 |
| 01/06/2019 മുതൽ 30/06/2019 വരെ | 94 | 242.78 |
| 01/07/2019 മുതൽ 31/07/2019 വരെ | 195 | 256.44 |
| 01/08/2019 മുതൽ 31/08/2019 വരെ | 390 | 331.46 |
| 01/09/2019 മുതൽ 30/09/2019 വരെ | 265 | 266.69 |

സെക്ഷൻ ഓഫീസർ